സ്റ്റേഷനിൽ കൊണ്ടുവന്നു; പിന്നീട് അവരെ വിട്ടയച്ചു. പോളിംഗ് സുഗമമായി നടക്കുകയും എൽ. ഡി. എഫ്.-നേറയും യു. ഡി. എഫ്.-നേറയും പ്രവർത്തകർ സജീവമായി പോളിംഗിൽ പങ്കെടുക്കുകയും ചെയ്തു. അവിടെ മറ്റ് അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല.

(8) കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. പാലോട് രവി: സർ, ഇവിടെ ഒരു ക്രിക്കറ്റ് സ്റ്റേഡിയമില്ലാത്തതുകൊണ്ടാണ് വിൽസ് വേൾഡ് കപ്പിനു കേരളം ഒരു വേദിയായി പരിഗണിക്കപ്പെടാത്തത്. ഇതുകൊണ്ട് പല ഇനത്തിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. മാത്രമല്ല, കേരളം ക്രിക്കറ്റിനു കൊള്ളാത്ത ഒരു സംസ്ഥാനമാണെന്ന ഒരു സംസാരവും ഉണ്ടായിട്ടുണ്ട്. ക്രിക്കറ്റ് സ്റ്റേഡിയമുള്ളതിനാൽ അന്താരാഷ്ട്ര പ്രശസ്തിയാണ് മറ്റ് സംസ്ഥാനങ്ങളിലെ ചെറിയ നഗരങ്ങൾക്കുപോലും ലഭിച്ചിരിക്കുന്നത്. ക്രിക്കറ്റിനു മാത്രം ഉപയോഗിക്കാവുന്ന ഒരു സ്റ്റേഡിയം ഇതുവരെ കേരളത്തിൽ ഉണ്ടായിട്ടില്ല; അതുകൊണ്ട് കളിക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും കഴിയുന്നില്ല. തിരുവനന്തപുരത്ത് തിരുവല്ലത്തിനു സമീപം ഒരു ക്രിക്കറ്റ് സ്റ്റേഡിയം പണിയുന്നതിനുവേണ്ടി തിരുവനന്തപുരം വികസന അതോറിറ്റി ചില പ്രവർത്തനങ്ങൾ ആരംഭിച്ചു. ബഡ്ജറ്റ് പ്രസംഗത്തിൽ അത് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അതിനാവശ്യമായ പണംകൂടി നൽകി നമുക്ക് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, തിരുവനന്തപുരം വികസന അതോറിറ്റി തിരുവനന്തപുരത്ത് ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു ക്രിക്കറ്റ് സ്റ്റേഡിയം ഉണ്ടാക്കുന്നകാര്യംകൂടി പരിഗണനയിലുണ്ട്. അതോറിറ്റി ഇതുസംബന്ധമായി കൂടുതൽ പരിപാടികളുമായി മുന്നോട്ടു പോയാൽ ഗവൺമെന്റും വേണ്ട സഹായങ്ങൾ നൽകാം. തീർച്ചയായും തിരുവനന്തപുരത്ത് മാത്രമല്ല, എറണാകുളം പോലുള്ള മറ്റ് പട്ടണങ്ങളിലും ക്രിക്കറ്റിനു വർദ്ധിച്ചുവരുന്ന ജനപ്രീതി പരിഗണിച്ച് ആവശ്യമായ എല്ലാ സംവിധാനങ്ങളുമുണ്ടാക്കുന്നതിനു ഗവൺമെന്റിനേതായിട്ടുള്ള പങ്കാളിത്തം തീർച്ചയായും ഉണ്ടാകുമെന്ന് ഞാൻ പറയുന്നു.

(9) ഏഴിമല നേവൽ അക്കാഡമി

ശ്രീ. സി. പി. നാരായണൻ: സർ, ദേശീയ പ്രാധാന്യമുള്ള ഒരു പദ്ധതിയാണ് ഏഴിമല നാവിക അക്കാഡമി. 1982-ലാണ് ഏറെ ദേശീയ പ്രാധാന്യമുള്ള ഈ പദ്ധതി കേരളത്തിനു ശ്രീമതി ഇന്ദിരാഗാന്ധി നൽകിയത്. 14 വർഷം കഴിഞ്ഞിട്ടും വാഗ്ദാനം മാത്രമായി നിലനിൽക്കുകയാണ് നേവൽ അക്കാഡമി നിർമ്മാണം. നൂറു കണക്കിനു കുടുംബങ്ങളെ ഒഴിപ്പിച്ചാണ് പ്രസ്തുത സ്ഥലം വിട്ടുകൊടുത്തിട്ടുള്ളത്. എല്ലാ വർഷവും ഞാൻ ഈ കാര്യം നിയമസഭയിൽ ഉന്നയിക്കാറുണ്ട്. 1993-ൽ

LIBRARY ARCHIVES Kerala Legislative Assembly